# Malankara Jacobite Syrian Sunday School Association

## എം. ജെ. എസ്. എസ്. എ. കലോത്സവം

1. **സബ്ജൂനിയർ** (Sub-junior) - പ്രായപരിധി 8 വയസ് വരെ
   (ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി)
   - സംഗീതം - 3 മിനിറ്റ്
   - പ്രസംഗം - 3 മിനിറ്റ്
   - ആരാധനാ ഗീതം - 3 മിനിറ്റ് (മലയാളം)
2. **ജൂനിയർ** (Junior) - പ്രായപരിധി 9 മുതൽ 12 വയസ് വരെ
   (ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി)
   - പ്രസംഗം - 4 മിനിറ്റ്
   - സംഗീതം മലയാളം - 3 മിനിറ്റ്
   - സംഗീതം കന്നഡ - 3 മിനിറ്റ്
   - ആരാധനാ ഗീതം മലയാളം - 3 മിനിറ്റ്
   - ആരാധനാ ഗീതം കന്നഡ - 3 മിനിറ്റ്
   - ആരാധനാ ഗീതം സുറിയാനി - 3 മിനിറ്റ്
   - തങ്കവാക്യം (മലയാളം, ഇംഗ്ലീഷ്),
   - ബൈബിൾടെസ്റ്റ് (വേദവാക്യം)
3. **സീനിയർ** (Senior) - പ്രായപരിധി 13 മുതൽ 17 വയസ് വരെ
   (ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി)
   - പ്രസംഗം - 5 മിനിറ്റ്
   - സംഗീതം മലയാളം - 3 മിനിറ്റ്
   - സംഗീതം കന്നഡ - 3 മിനിറ്റ്
   - ആരാധനാ ഗീതം മലയാളം - 3 മിനിറ്റ്
   - ആരാധനാ ഗീതം കന്നഡ - 3 മിനിറ്റ്
   - ആരാധനാ ഗീതം സുറിയാനി - 3 മിനിറ്റ്
   - തങ്കവാക്യം, (മലയാളം, ഇംഗ്ലീഷ്)
   - ബൈബിൾടെസ്റ്റ് (വേദവാക്യം)
   - ബൈബിൾ ക്വിസ്സ്
4. **പ്ലസ് വൺ, പ്ലസ് ടൂ** (Plus 1, Plus 2)
   - പ്രസംഗം - 5 മിനിറ്റ്
   - ബൈബിൾ ക്വിസ്സ്
5. **അദ്ധ്യാപക മത്സരം** (Teachers') - **ബൈബിൾ ക്വിസ്സ്**



## നിബന്ധനകൾ

1. **വയസ്സ് മാനദണ്ഡമാക്കി** സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങൾ തിരിക്കുന്നതും. അതാതുവർഷം ജനുവരി ഒന്ന് അടിസ്ഥാനമാക്കിയാണ് വയസ് നിർണ്ണയിക്കുന്നത്.
2. കലോത്സവ എൻട്രി ഫോമിൽ കുട്ടികളുടെ ജനനതീയതി നിർബന്ധമായും എഴുതേണ്ടതാണ്.
3. ആവശ്യമായി വന്നാൽ മത്സരാർത്ഥികളുടെ വയസ് തെളിയിക്കുന്നതിനുള്ള സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് / ദിനപാഠശാലയിലെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വയസിന്റെ കാര്യത്തിൽ കൃത്രിമം കണ്ടുപിടിക്കപ്പെട്ടാൽ അടുത്ത 3 വർഷത്തേക്ക് പ്രസ്തുത സൺഡേസ്കൂളിനെ എല്ലാ തലത്തിലുമുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്തുന്നതാണ്.
4. **പ്ലസ് 1 പ്ലസ്സ് 2 കുട്ടികൾക്കുള്ള മത്സരങ്ങളിൽ JSSLC** യുടെ തുടർച്ചയായി **പ്ലസ് 1** ലും, **പ്ലസ് 1** ന്റെ തുടർച്ചയായി **പ്ലസ് 2** വിലും ചേർന്ന് പഠിക്കുന്നവർക്കു മാത്രമെ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. **പ്ലസ്1, പ്ലസ് 2** കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
5. ഒരു ഗ്രൂപ്പിൽ മത്സരിക്കുന്ന കുട്ടി അതേ ഇനത്തിൽ മറ്റൊരു ഗ്രൂപ്പിൽ പങ്കെടുക്കുവാനോ ഒരു വിഭാഗത്തിൽ മത്സരിക്കുന്ന കുട്ടി മറ്റൊരു വിഭാഗത്തിൽ ഒറ്റക്കോ ഗ്രൂപ്പായോ മത്സരിക്കുവാൻ അനുവദിക്കുന്നതല്ല.
   ഉദാ: സബ്ജൂനിയർ കുട്ടി ജൂനിയർ / സീനിയർ വിഭാഗങ്ങളിൽ മത്സരിക്കുവാൻ പാടുള്ളതല്ല.
6. ക്വിസ്സ് മത്സരത്തിൽ **2 പേരടങ്ങുന്നതാണ് ഒരു ടീം.** പേര് നൽകിയിരിക്കുന്ന ടീമിലെ ഒരംഗത്തിന് പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ പേര് തന്നിരിക്കുന്ന **മറ്റെ വ്യക്തിക്ക് ഒറ്റക്ക് മത്സരിക്കാവുന്നതാണ്.** എന്നാൽ **പകരം മറ്റൊരു വ്യക്തിയെ ചേർക്കുവാൻ പാടുള്ളതല്ല.** ഭദ്രാസന/സോൺ തലം വരെ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് പങ്കെടുക്കാം.
7. സംഗീത മത്സരത്തിന് ക്ലാസിക്കൽ സംഗീതം ഉപയോഗിക്കുവാൻ അനുവദിക്കുന്നതല്ല.
8. സംഗീതം, പ്രസംഗം, ആരാധനാഗീതം എന്നിവ പ്രത്യേകം വേദികളിൽ നടത്തേണ്ടതാണ്.
9. എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ **ഭദ്രാസന/സോൺ** തലത്തിലുള്ള മത്സരങ്ങളിൽ വരെ **ഒന്നും രണ്ടും സ്ഥാനം** ലഭിക്കുന്ന **രണ്ട് കുട്ടികൾ/ രണ്ട് ടീമുകൾക്ക്** പങ്കെടുക്കാവുന്നതാണ്. **ഭദ്രാസന/ സോൺ തലത്തിൽ ഒന്നാം സ്ഥാനം** ലഭിക്കുന്ന **ഒരു കുട്ടി / ഒരു ടീം** മാത്രം **അഖില മലങ്കര** കലോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.
11. പ്ലസ്വൺ - പ്ലസ്ടു മത്സരത്തിന്റെ പോയിന്റ് മൊത്തം പോയിന്റുകളുടെ **കൂടെ കൂട്ടുന്നതാണ്**

12. അദ്ധ്യാപക മത്സരത്തിന്റെ പോയിന്റുകൾ മൊത്തം **പോയിന്റുകളുടെ കൂടെ കൂട്ടുന്നതല്ല.**

13. ഡിസ്ട്രിക്റ്റ്, ഭദ്രാസന / സോൺ തലങ്ങളിൽ വരെ ആദ്യത്തെ രണ്ട് സ്ഥാനം നേടുന്ന കുട്ടികളെ / ഗ്രൂപ്പുകളെ തൊട്ട് മുകളിലത്തെ തലങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്. ഏതെങ്കിലും തലത്തിൽ, ബൈബിൾ ടെസ്റ്റ് ഒഴികെ മറ്റ് മത്സരങ്ങൾക്ക് ഒരു സ്ഥാനത്തേക്ക് ഒന്നിലധികം കുട്ടികളോ ഗ്രൂപ്പുകളോ വരുന്ന പക്ഷം നിർബന്ധമായും അതാത് തലങ്ങളിൽ വച്ച് തന്നെ പരിഹരിച്ച് മുകൾ തലങ്ങളിൽ പങ്കെടുക്കേണ്ടവരെ നിശ്ചയിക്കേണ്ടതാണ്. ഏതെങ്കിലും തലത്തിൽ രണ്ട് ഒന്നാം സ്ഥാനം ഉണ്ടായാൽ ആ രണ്ട് പേരെയാണ് മുകൾതലത്തിലേക്ക് അയക്കേണ്ടത്. ഒരു ഒന്നാം സ്ഥാനവും ഒന്നിലധികം രണ്ടാം സ്ഥാനവും വരുന്ന പക്ഷം ഒന്നാം സ്ഥാനം ലഭിച്ച ആളെയും, രണ്ടാം സ്ഥാനം ലഭിച്ചവരിൽ നിന്ന് നറുക്കിട്ടെടുത്ത് ഒരാളെയുമാണ് മുകൾതലത്തിൽ മത്സരിപ്പിക്കേണ്ടത്. ഭദ്രാസന/ സോൺ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കുട്ടികൾ/ ടീമുകൾ ഒന്നിലധികം വരുന്ന പക്ഷം അവരിൽ നിന്ന് നറുക്കെടുത്ത് ഒരാളെ/ഒരു ടീമിനെ മാത്രം കേന്ദ്ര മത്സരത്തിന് അയക്കേണ്ടതാണ്.

14. സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, ഭദ്രാസന/ സോൺ തലത്തിൽ **വിജയികളാകുന്ന കുട്ടികളെ മാറ്റി പകരം കുട്ടികളെ ചേർത്ത്** മത്സരിപ്പിക്കുവാൻ പാടുള്ളതല്ല.

15. മത്സരഫലത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതി ഉണ്ടായാൽ ഫല പ്രഖ്യാപനം കഴിഞ്ഞ് 30 മിനിട്ടിനകം അതാത് തലത്തിലുള്ള (സൺഡേസ്കൂൾ /ഡിസ്ട്രിക്റ്റ്/ സോൺ/ ഭദ്രാസനം/ കേന്ദ്രം) അപ്പീൽ കമ്മിറ്റിക്ക് രേഖാമൂലം പരാതി നൽകാവുന്നതാണ്.

16. കലോത്സവ സംബന്ധമായി ഉപയോഗിക്കുന്ന എല്ലാ ഫോമുകളും എം.ജെ.എസ്.എസ്.എ. പ്രസിദ്ധീകരിക്കുന്ന നിർദ്ദിഷ്ട ഫോമുകൾ ആയിരിക്കേണ്ടതാണ്.

17. ഏതെങ്കിലും മത്സര വിഭാഗത്തിൽ മൂന്നിൽ താഴെ ടീമുകൾ / കുട്ടികൾ മാത്രമെ മത്സരിക്കുവാനുള്ളുവെങ്കിൽ, മത്സരം നടത്തി ഗ്രേഡും പോയിന്റും കൊടുത്ത് മുകൾ തലത്തിലേക്ക് അയക്കേണ്ടതാണ്.

18. കലോത്സവ നടത്തിപ്പുമായി എന്തെങ്കിലും സംശയമുണ്ടാകുന്ന പക്ഷം മേൽഘടകങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

19. ഡിസ്ട്രിക്റ്റ്/ സോൺ/ ഭദ്രാസന/ എം.ജെ.എസ്.എസ്.എ. ഭാരവാഹികൾ അവരവരുടെ പ്രവർത്തന പരിധിയിൽ വരുന്ന സൺഡേസ്കൂളുകൾ ഉൾപ്പെടുന്ന മത്സരങ്ങളിൽ വിധികർത്താക്കളാകുവാൻ പാടുള്ളതല്ല.

20. എം.ജെ.എസ്.എസ്.എ.യുടെ നിർദ്ദേശപ്രകാരം നടത്തുന്ന മത്സര ഇനങ്ങൾക്കു മാത്രമെ സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, ഭദ്രാസന/ സോൺ തലത്തിൽ പോയിന്റുകൾ കണക്കാക്കുവാൻ പാടുള്ളു.



21. സബ്ജൂണിയർ, ജൂനിയർ, സീനിയർ വിഭാഗത്തിനുള്ള പ്രസംഗ വിഷയങ്ങൾ അതാതുകാലത്തെ കലോത്സവകമ്മിറ്റി ശുപാർശ ചെയ്തു നിശ്ചയിക്കുന്നതാണ്.

22. **ആരാധനാഗീതം** മത്സരത്തിന് എം.ജെ.എസ്.എസ്.എ. 2019 ൽ പ്രസിദ്ധീകരിച്ചിരുന്ന തിരഞ്ഞെടുത്ത ആരാധനാ ഗീതങ്ങൾ എന്ന പുസ്തകത്തിൽ നിന്നുള്ള ഗീതങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ചുവടെ ചേർത്തിരിക്കുന്ന ഭാഗം 1,2,3 ഇവ ഓരോ വർഷവും മാറി മാറി ഉപയോഗിക്കേണ്ടതാണ്. ആരാധനാഗീതമത്സരത്തിലെ ഒരു ടീം ഒന്നിലധികം ഗീതങ്ങൾ പാടുവാൻ അനുവദിക്കുകയില്ല.

**ഭാഗം 1 :** ജനനപെരുന്നാൾ,ദനഹാപെരുന്നാൾ,വി.മാമോദീസ,വി.വിവാഹം, രോഗികളുടെ തൈലാഭിഷേകം. (28 മലയാള ഗീതങ്ങളും 19 സുറിയാനി ഗീതങ്ങളും)

**ഭാഗം 2 :** ശുബ്ക്കോനോ ശുശ്രൂഷ, ഊശാനപെരുന്നാൾ, കാൽകഴുകൽ ശുശ്രൂഷ, ദുഃഖവെള്ളി (വലിയ വെള്ളി), ഉയിർപ്പ് പെരുന്നാൾ, പെന്തിക്കൊസ്തി പെരുന്നാൾ, പുരുഷന്മാരുടെ ശവസംസ്ക്കാരം, സ്ത്രീകളുടെ ശവസംസ്ക്കാരം, കുട്ടികളുടെ ശവസംസ്ക്കാരം. (35 മലയാള ഗീതങ്ങളും 16 സുറിയാനി ഗീതങ്ങളും)

**ഭാഗം 3 :** വി.കുർബ്ബാനക്രമം (സ്ലീബ നമസ്കാരം, കൃംതാ നമസ്കാരം, വി.കുർബ്ബാന ഗീതങ്ങൾ),കന്തീല ശുശ്രൂഷ, വൈദീകരുടെ ശവസംസ്ക്കാരം. (36 മലയാള ഗീതങ്ങളും 11 സുറിയാനി ഗീതങ്ങളും)

ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം പ്രത്യേകം ചേർത്തിട്ടുണ്ട്. 2 ഖണ്ഡികയോ അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം 3 മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്. തിരഞ്ഞെടുത്ത ആരാധനഗീതങ്ങളിൽ നിന്നുള്ള ഗീതങ്ങൾ മാത്രമേ കലോത്സവത്തിന് ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളു.

23. ആരാധനാഗീതം (കന്നട), സംഗീതം (കന്നട) എന്നിവ കർണ്ണാടകത്തിൽ നിന്നുള്ള കുട്ടികൾക്കു മാത്രമായിരിക്കും. വിവിധ സംസ്ഥാനങ്ങളിലെ ഭദ്രാസനങ്ങളിൽ നിന്ന് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമെ അവരവരുടെ പ്രാദേശിക ഭാഷകളിൽ മത്സരിക്കുവാൻ അവസരമുള്ളു.

## 24. ബൈബിൾ ടെസ്റ്റ് (വിശുദ്ധഗ്രന്ഥം)

(a) എട്ടോ അതിൽ താഴെയോ കുട്ടികൾ മാത്രം പങ്കെടുക്കുന്നതെങ്കിൽ മത്സരിക്കുന്ന കുട്ടികൾക്ക് എല്ലാവർക്കും 45 മാർക്ക് ഗ്രേസ് മാർക്കും, വായിക്കുന്ന വാക്യത്തിന് 5 മാർക്ക് വീതവും നൽകുക.

eg. 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 3x5+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 1x5+45=50 C grade ഒരു വാക്യം വായിച്ചാൽ

(b) എട്ടിലധികം കുട്ടികൾ പങ്കെടുക്കുമ്പോൾ രണ്ടോ മൂന്നോ ഗ്രൂപ്പുകളാക്കി പ്രാഥമിക റൗണ്ട് മത്സരം നടത്തേണ്ടതും അതിൽ നിന്ന് 1,2 സ്ഥാനം ലഭിക്കുന്ന കുട്ടികളെ ഫൈനൽ റൗണ്ടിലേയ്ക്ക് പരിഗണിക്കേണ്ടതുമാണ്. ഫൈനൽ റൗണ്ടിൽ മത്സരിക്കാൻ അവസരം ലഭിക്കുന്ന കുട്ടികൾക്ക് 45 മാർക്ക് ഗ്രേസ് മാർക്കും, ഫൈനൽ റൗണ്ടിൽ വായിക്കുന്ന ഓരോ വാക്യത്തിനും 5 മാർക്ക് വിതവും നൽകുക.

eg. 1. 5x5+45=70 A grade അഞ്ച് വാക്യം വായിച്ചാൽ
2. 5x3+45=60 B grade മൂന്ന് വാക്യം വായിച്ചാൽ
3. 5x1+45=50 C grade ഒരു വാക്യം വായിച്ചാൽ

(c) മത്സരത്തിൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് തുല്യത (ടൈ) വരികയാണെങ്കിൽ 5 വാക്യം വീണ്ടും ചോദിച്ച് സ്ഥാനം നിർണ്ണയിക്കേണ്ടതാണ്. തുല്യത വരുന്ന സ്ഥാനനിർണ്ണയത്തിന് വേണ്ടി മാത്രമായിരിക്കും അധികമായി ചോദ്യങ്ങൾ ചോദിക്കുന്നത്. ഇതിൽ നിന്ന് ലഭിക്കുന്ന മാർക്കിന് ഗ്രേഡ് പോയിന്റ് ലഭിക്കുന്നതല്ല. ടൈ ബ്രേക്കറായി വിജയിയാകുന്ന കുട്ടിക്ക് '1' മാർക്ക് മാത്രം നൽകി ഗ്രേഡ് മാർക്കിനോടൊപ്പം ചേർക്കേണ്ടതാണ്.

25. **തങ്കവാക്യമത്സരം**

(a) തങ്കവാക്യമത്സരത്തിന് എം.ജെ.എസ്.എസ്.എ.2019ൽ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വി.ഗ്രന്ഥത്തിൽ നിന്നും തിരഞ്ഞെടുത്ത തങ്കവാക്യങ്ങൾ"** എന്ന പുസ്തകം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. (**മലയാളം** - വി. ഗ്രന്ഥത്തിൽ നിന്നും **ഇംഗ്ലീഷ്** - തിയോളജിക്കൽ പബ്ലിക്കേഷൻ ഇൻ ഇൻഡ്യ, ബാംഗളൂർ പ്രസിദ്ധീകരിച്ച "ഹോളി ബൈബിൾ" എന്നതിൽ നിന്നുമുള്ള വാക്യങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്.)

(b) ജൂനിയർ വിഭാഗത്തിൽ തങ്കവാക്യപുസ്തകത്തിലെ **ഒന്നാം ഭാഗത്ത് നിന്ന് 01 മുതൽ 250 വരെ** വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക.

(c) സീനിയർ വിഭാഗത്തിന് **രണ്ടാം ഭാഗത്ത് നിന്നും 01 മുതൽ 350 വരെ** വാക്യങ്ങളിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ ഉണ്ടായിരിക്കുക.

(d) കേരളത്തിന് പുറമെയുള്ള ഭദ്രാസനം/ ഡയക്ടറേറ്റിൽ നിന്ന് രജിസ്റ്റർ ചെയ്യുന്ന ജൂണിയർ വിഭാഗത്തിന് തങ്കവാക്യപുസ്തകത്തിലെ ഇംഗ്ലീഷ് പരിഭാഷയിൽ നിന്നും **01** മുതൽ **150** വരെയുള്ള വാക്യങ്ങളിൽ ഉള്ള ചോദ്യങ്ങൾ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. സീനിയർ വിഭാഗത്തിന് ഇംഗ്ലീഷ് പരിഭാഷയിലെ മുഴുവൻ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.



(e) ചോദ്യപേപ്പർ തയ്യാറാക്കുന്ന വിധം - സമയം 30 മിനിറ്റ്

(I) പൂരിപ്പിക്കുക - 20 എണ്ണം, ( പൂരിപ്പിക്കേണ്ട വാക്കുകൾ മാത്രം എഴുതിയാൽ മതി ) സീനിയേഴ്സിന് ഒന്നിൽ കൂടുതൽ വാക്കുകൾ പൂരിപ്പിക്കുവാൻ ആവശ്യപ്പെടാം.

(II) വാക്യം എഴുതുക - 15 എണ്ണം

(III) പുസ്തകം, അദ്ധ്യായം, വാക്യം എന്നിവ എഴുതുക - 15 എണ്ണം

(f) പൂർണ്ണമായും ശരിയായ ഉത്തരങ്ങൾക്ക് മാത്രമെ മാർക്ക് നൽകുകയുള്ളു.

തങ്കവാക്യമത്സരം (ഇംഗ്ലീഷ്) കേരളത്തിന് പുറമെയുള്ള ഭദ്രാസനങ്ങളിൽ/ ഡയറക്ടറേറ്റുകളിൽ നിന്ന് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് മാത്രമായിരിക്കും.

26. **ക്വിസ്സ്**

(a) ക്വിസ്സ് മത്സരത്തിൽ **രണ്ട് പേരടങ്ങുന്നതാണ് ഒരു ടീം. പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ടീമിലെ ഒരംഗത്തിന് പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ മറ്റ വ്യക്തിക്ക് ഒറ്റക്ക് മത്സരിക്കുവാൻ അനുവാദമുണ്ടായിരിക്കും. എന്നാൽ പകരം മറ്റൊരാളെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.**

(b) സീനിയർ, പ്ലസ് 1 പ്ലസ്സ് 2, അദ്ധ്യാപക വിഭാഗങ്ങളുടെ ക്വിസ്സ് മത്സരത്തിന് വേദപുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ളതായിരിക്കും. ഫൈനൽ റൗണ്ട് മത്സരത്തിന് **8** ൽ അധികം ടീമുകൾ ഉണ്ടെങ്കിൽ, ക്വിസ്സ് മത്സരത്തിന് വി.ഗ്രന്ഥം 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നതിനാൽ താഴെ പറഞ്ഞിരിക്കുന്ന തന്നാണ്ടിലെ വി.ഗ്രന്ഥഭാഗത്തിൽ നിന്നും **12** ഉം ജനറൽ വിഭാഗത്തിൽ നിന്ന് (സഭാചരിത്രം, ആരാധന/സത്യവിശ്വാസം) **13** ചോദ്യങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക റൗണ്ടായി എഴുത്തു പരീക്ഷ നടത്തേണ്ടതും അതിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 8 ടീമുകളെ ഉൾപ്പെടുത്തി ചോദ്യോത്തര രീതിയിൽ അവസാന റൗണ്ട് മത്സരം നടത്തേണ്ടതാണ്.

(c) ക്വിസ്സ് മത്സരത്തിന് 5 റൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| ഒന്നാം റൗണ്ട് | - പഴയനിയമം, അപ്പോക്രീഫ |
| രണ്ടാം റൗണ്ട് | - പുതിയനിയമം |
| മൂന്നാം റൗണ്ട് | - സഭാചരിത്രം |
| നാലാം റൗണ്ട് | - സത്യവിശ്വാസം/ആരാധന/വി.കൂദാശകൾ |

അഞ്ചാം റൗണ്ട് (റാപിഡ് റൗണ്ട്) - മുകളിൽ കൊടുത്തിരിക്കുന്ന പഴയനിയമം, അപ്പോക്രീഫ, പുതിയനിയമം, സഭാചരിത്രം, സത്യവിശ്വാസം/ആരാധന/വി.കൂദാശകൾ എന്നീ ഭാഗങ്ങളിൽ നിന്നും ഓരോ Questions.

നാല് റൗണ്ടിലെയും Passing Questions ഉം ഒരു റൗണ്ട് Direct Questions ഉം ഉൾപ്പെടുത്തി മത്സരം നടത്തേണ്ടതാണ്. ആകെ ലഭിച്ച പോയിന്റിന്റെ ശതമാന അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകേണ്ടതാണ്. Passing റൗണ്ടിൽ ഫസ്റ്റ് ചാൻസിന് 10 ഉം Passing ചാൻസിന് 5 ഉം. അവസാന റൗണ്ടിലെ 5 ഡയറക്റ്റ് ചോദ്യങ്ങൾക്ക് 2 വീതം 10 ഉം മാർക്ക് നൽകേണ്ടതാണ്.

(d) ക്വിസ്സ് മത്സരത്തിൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് തുല്യത (ടൈ) വരികയാണെങ്കിൽ 2 റൗണ്ട് Passing Questions വീണ്ടും ചോദിച്ച് സ്ഥാനം നിർണ്ണയിക്കേണ്ടതാണ്. തുല്യത വരുന്ന സ്ഥാന നിർണ്ണയത്തിന് വേണ്ടി മാത്രമായിരിക്കും അധികമായി ചോദ്യങ്ങൾ ചോദിക്കുന്നത്. ഇതിൽ നിന്ന് ലഭിക്കുന്ന മാർക്കിന് ഗ്രേഡ് പോയിന്റ് ലഭിക്കുന്നതല്ല. ടൈ ബ്രേക്കറായി വിജയിയാകുന്ന ടീമിന് '1' മാർക്ക് മാത്രം നൽകി ഗ്രേഡ് മാർക്കിനോടൊപ്പം ചേർക്കേണ്ടതാണ്.

(e) ഓരോ വർഷവും ക്വിസ്സ് മത്സരത്തിന് ഉപയോഗിക്കേണ്ട ഗ്രന്ഥഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**ഭാഗം 1:** പഴയനിയമം:-ആദ്യപുസ്തകം മുതൽ ന്യായാധിപന്മാർ വരെ(8)
ഇതര കാനോനിക ഗ്രന്ഥങ്ങൾ :-തൂബിദ് (തോബിയാസ്) മുതൽ മഹാജ്ഞാനം വരെ (4)
പുതിയനിയമം :- വി.മത്തായി എഴുതിയ സുവിശേഷം മുതൽ പ്രക്സീസ് വരെ (5)

**ഭാഗം 2:** പഴയനിയമം :- ശമുവേൽ മുതൽ നെഹമിയ വരെ (14)
ഇതര കാനോനിക ഗ്രന്ഥം : യേശു ബാർ ആസീറ മുതൽ ബാറുക്കിന്റെ 2-ാം ലേഖനം വരെ (4)
പുതിയ നിയമം :- വി പൗലോസ് റോമർക്ക് എഴുതിയ ലേഖനം മുതൽ വി.പൗലോസ് ഫിലോമോന് എഴുതിയ ലേഖനം വരെ (13)

**ഭാഗം 3:** പഴയനിയമം :- ഏശായ മുതൽ ദാനിയേൽ വരെ (17)
ഇതരകാനോനിക ഗ്രന്ഥം :- ദാനിയേൽ (ശൂശാൻ) മുതൽ 2 മക്കാബ്യർ വരെ (3)
പുതിയനിയമം :- എബ്രായർക്കെഴുതിയ ലേഖനം മുതൽ യോഹന്നാനുണ്ടായ വെളിപ്പാട് വരെ (9)

27. **കലാപ്രതിഭ/ കലാതിലകം**

എം.ജെ.എസ്.എസ്.എ. കലോത്സവത്തിൽ ഓരോ വിഭാഗവും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികൾക്ക് കലാപ്രതിഭ/തിലകമായി തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ഒരു 'എ' ഗ്രേയിഡും കൂടാതെ ഏതെങ്കിലും ഒരു വ്യക്തിഗത മത്സരത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ (1,2,3) ഏതെങ്കിലും ഒരു സ്ഥാനവും നിർബന്ധമായി ഉണ്ടായിരിക്കണം. തുല്യപോയിന്റ് വന്നാൽ ഗ്രൂപ്പ് ഐറ്റത്തിന്റെ പോയിന്റ് കൂടെ കണക്കാക്കുന്നതാണ്.

28. **കലോത്സവം – ബെസ്റ്റ് സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, ഭദ്രാസനം /സോൺ**

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സൺഡേസ്കൂളിനെ തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു ഐറ്റത്തിന് 'എ' ഗ്രേഡും ഒരു ഐറ്റത്തിന് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഒന്ന് (1,2,3) എന്നിവ നിർബന്ധമായി ഉണ്ടായിരിക്കണം.



28. **വിധി നിർണ്ണയം**

1. പരാതികൾ കൂടാതെ ഓരോ വിഭാഗത്തിലും ഉന്നത നിലവാരമുള്ള വിധികർത്താക്കളെ കണ്ടെത്തേണ്ടതാണ്.
2. താഴെ പറയുന്ന വിധത്തിലായിരിക്കണം ഗ്രേഡിംഗ് നിശ്ചയിക്കേണ്ടത്.

| | | | |
|---|---|---|---|
| **Grade** | A ഗ്രേഡ് | - 70 and above. | (5 പോയിന്റ്) |
| | B ഗ്രേഡ് | - 60 - 69 | (3 പോയിന്റ്) |
| | C ഗ്രേഡ് | - 50 - 59 | (1 പോയിന്റ്) |
| **Points** | First | - 3 + Grade Point | |
| | Second | - 2 + Grade Point | |
| | Third | - 1 + Grade Point | |

3. ഓരോ മത്സരത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

**തങ്കവാക്യ മത്സരവും ക്വിസ്സ് മത്സരവും ഒഴികെ മറ്റ് മത്സര ഇനങ്ങൾക്ക് ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡം അനുസരിച്ചും 100-ൽ നിന്നും മാർക്ക് നൽകേണ്ടതാണ്.**

**പ്രസംഗം**

1. ആമുഖം - 5
2. സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് - 10
3. ആശയസ്പുടത - 40
4. അക്ഷരസ്പുടത - 10
5. ഭാഷാശുദ്ധി - 10
6. ധാരവാഹിതം (Fluency) - 10
7. സന്ദർഭോചിതമായ ശബ്ദനിയന്ത്രണം - 10
8. ഉപസംഹാരം - 5

**സംഗീതം (മലയാളം / കന്നഡ)**

1. ശാരീരം (Sound) - 20
2. ശ്രുതിലയം (Pitch, പല്ലവി, അനുപല്ലവി) - 25
3. ജ്ഞാനഭാവം (Face Expression) - 15
4. താളം - 25
5. പദശുദ്ധി - 15

**ആരാധനഗീതം (മലയാളം/ സുറിയാനി/ കന്നഡ )**

1. ശ്രുതി - 25
2. താളം - 25
3. ഗായകർ തമ്മിലുള്ള യോജിപ്പ് - 25
4. പദശുദ്ധി - 25
(വേണമെങ്കിൽ ഭാവം ചേർക്കാം)

**തങ്കവാക്യ മത്സരത്തിനും ക്വിസ്സ് മത്സരത്തിനും 50 ൽ നിന്ന് മാർക്ക് നൽകേണ്ടതാണ്.**

**തങ്കവാക്യം & ക്വിസ്സ്**

| | |
|---|---|
| 35 ഉം കൂടുതലും കിട്ടിയാൽ | A ഗ്രേഡ് |
| 30-34 കിട്ടിയാൽ | B ഗ്രേഡ് |
| 25-29 കിട്ടിയാൽ | C ഗ്രേഡ് |